"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോട്ടയം ജില്ലയിലെ പറത്താനം സീ വ്യൂ എസ്റ്റേറ്റ് യു.പി സ്കൂളിലെ ജൂനിയർ ഹിന്ദി അദ്ധ്യാപികയായുള്ള നിയമനാംഗീകാരത്തിനായി ശ്രീമതി അമ്പിളി ചാക്കോ സമർപ്പിച്ച അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3855/2025/GEDN  തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:-

1. ശ്രീമതി അമ്പിളി ചാക്കോ സമർപ്പിച്ച അപേക്ഷ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21-09-2024-ലെ എഫ്2/18417/2024/ഡി.ജി.ഇ നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27-05-2025-ലെ എഫ്2/18417/2024/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള പറത്താനം സീ വ്യൂ എസ്റ്റേറ്റ് യു.പി സ്കൂളിലെ ജൂനിയർ ഹിന്ദി അദ്ധ്യാപികയായുള്ള ശ്രീമതി അമ്പിളി ചാക്കോയുടെ 15/07/2021 മുതലുള്ള നിയമനം, ചേരമാൻ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെടുന്ന ആളായതിനാൽ, പ്രായ പരിധിയിൽ ഇളവ് ആനുകൂല്യം അനുവദിച്ച് അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (1) പ്രകാരം അപേക്ഷ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള പറത്താനം സീ വ്യൂ എസ്റ്റേറ്റ് യു.പി സ്കൂളിലെ ജൂനിയർ ഹിന്ദി അധ്യാപിക ശ്രീമതി സെലിൻ കെ.ഒ യ്ക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി അമ്പിളി ചാക്കോയെ 15/07/2021 മുതൽ സ്കൂൾ മാനേജർ നിയമിച്ചു. സ്ഥാനക്കയറ്റം അംഗീകരിച്ചു കൊണ്ടുള്ള ഉത്തരവ് സ്കൂൾ മാനേജർ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഒഴിവു സ്ഥിരീകരിച്ചിട്ടില്ല. ഈ സ്കൂൾ പുതുതായി അപ്ഗ്രേഡ് ചെയ്ത സ്കൂളിന്റെ ഗണത്തിൽ പെടുന്നതാണ്. ഇതിന്റെ യു.പി വിഭാഗം ആണ് പുതുതായി അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്. കെ.ഇ.ആർ ചാപ്റ്റർ 21 ചട്ടം 7(3) പ്രകാരം പുതിയതായി അപ്ഗ്രേഡ് ചെയ്ത സ്കൂൾ വിഭാഗത്തിൽ ഒരു സംരക്ഷിത അധ്യാപകനെയെങ്കിലും നിയമിച്ചിരിക്കണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി സ്കൂളിൽ സംരക്ഷിത അധ്യാപകനെ സ്കൂൾ മാനേജർ നിയമിച്ചിട്ടില്ല. ടി അദ്ധ്യാപിക നിയമനത്തിനുള്ള നിശ്ചിത പ്രായപരിധി കഴിഞ്ഞിരിയ്ക്കുന്നു എന്നിങ്ങനെ പല കാരണങ്ങളാൽ ടി നിയമനം കാഞ്ഞിരപ്പള്ളി ഉപജില്ല വിദ്യാഭ്യാസ ഓഫീസറും, കാഞ്ഞിരപ്പള്ളി ജില്ല വിദ്യാഭ്യാസ ഓഫീസറും നിരസിച്ചു. ഇതിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ

സമർപ്പിച്ച അപ്പീലിൽ പറത്താനം സീ വ്യൂ എസ്റ്റേറ്റ് യു.പി സ്കൂളിലെ ഒരു യു.പി.എസ്.റ്റി തസ്തിക സംരക്ഷിതാധ്യാപകർക്കായി മാറ്റി വച്ചിട്ടുണ്ട് എന്നും ആയതു സംബന്ധിച്ച വിവരം വിദ്യാഭ്യാസ ഓഫീസുകളിലും അറിയിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയും സംരക്ഷിതാധ്യാപകനെ നിയമിച്ചിട്ടില്ല. മാതൃ അധ്യാപികയുടെ സ്ഥാനക്കയറ്റ നിയമനം നാളിതുവരെ അംഗീകരിച്ചു ലഭിച്ചിട്ടില്ല. ആയതിനാൽ ശ്രീമതി അമ്പിളി ചാക്കോയുടെ എൽ.ജി.പി.റ്റി (ഹിന്ദി) തസ്തികയിൽ 15-07-2021 മുതലുള്ള നിയമനം നിരസിച്ച ഉത്തരവു പുന:പരിശോധിക്കണമെന്നും, അനുകൂല ഉത്തരവുണ്ടാകണമെന്നതായിരുന്നു ആവശ്യം. "23.01.2023 -ലെ G.O (P) No.2/2023/GEDN 2019-20 ന ശേഷം ഉണ്ടാകുന്ന അധിക തസ്തികകൾ ഒഴികെയുള്ള റഗുലർ ഒഴിവുകളിൽ ചട്ട പ്രകാരം നടത്തുന്ന നിയമനങ്ങൾക്ക് അവ മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമാണെങ്കിൽ അംഗീകാരം നൽകുന്നതിൽ തടസ്സങ്ങളില്ല. സംരക്ഷിതാധ്യപക നിയമനം സംബന്ധിച്ച കോടതി വിധി വന്ന ശേഷം അതിനു വിധേയമായി മാത്രമേ ഇത്തരം വിദ്യാലയങ്ങളിൽ മാനേജർ നൽകിയ/നൽകിയതായി കരുതപ്പെടുന്ന ബോണ്ടിന് അനുസൃതമായി സംരക്ഷിതാധ്യപകരെ നിയമിക്കേണ്ടതുള്ളൂ". മേൽ സാഹചര്യത്തിൽ ടി ഉത്തരവിന്റെ വെളിച്ചത്തിൽ മറ്റു വിധത്തിൽ യോഗ്യമെങ്കിൽ, സംരക്ഷിതാദ്ധ്യാപകർക്കായി തസ്തിക മാറ്റി വച്ചിട്ടുണ്ടെന്ന മാനേജ്മെന്റിന്റെ ഡിക്ലറേഷൻ ഉറപ്പാക്കി, മാതൃ അധ്യാപികയുടെ സ്ഥാനക്കയറ്റ നിയമനത്തിനു അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നിലവിലുള്ള ഉത്തരവുകളിലെ നിർദേശം പാലിച്ച്, പറത്താനം സീ വ്യൂ എസ്റ്റേറ്റ് യു.പി സ്കൂളിലെ ജൂനിയർ ഹിന്ദി അധ്യാപിക ശ്രീമതി സെലിൻ കെ.ഒയുടെ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ മാനേജർ നിയമിച്ച ശ്രീമതി അമ്പിളി ചാക്കോയുടെ എൽ.ജി.പി.റ്റി (ഹിന്ദി) നിയമനത്തിന് അംഗീകാരം നൽകുവാൻ കാഞ്ഞിരപ്പള്ളി ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി 20/11/2023 തീയതിയിലെ F2/238220/2022/ഡി.ജി.ഇ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ചേരമാൻ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെടുന്ന ശ്രീമതി അമ്പിളി ചാക്കോയ്ക്ക് നിയമനത്തിനുള്ള പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ 20/11/2023 തീയതിയിലെ F2/238220/2022/ഡി.ജി.ഇ പ്രകാരം പുറപ്പെടുവിച്ചിരുന്ന ഉത്തരവ് കാഞ്ഞിരപ്പള്ളി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നടപ്പിലാക്കിയിരുന്നില്ല. എന്നാൽ പി.എസ്.സി പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിൽ "ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരെ" ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ടി ഇളവ് ചേരമാൻ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെടുന്ന ശ്രീമതി അമ്പിളി ചാക്കോയ്ക്ക് ലഭ്യമാകുകയാണെങ്കിൽ ടിയാൾക്ക് പ്രായ പരിധിയിൽ 3 വർഷത്തെ ഇളവ് ലഭിയ്ക്കുന്നതാണ്. എന്നാൽ ടിയാൾ ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ട പട്ടിക ജാതി വിഭാഗത്തിൽ പെട്ട ആളാണെന്ന് തെളിയിയ്ക്കുന്ന രേഖകൾ ഒന്നും തന്നെ സമർപ്പിച്ചിരുന്നില്ലായെന്നുമാണ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിരുന്നത്.

3) നിലവിൽ സീനിയർ നിയമനാർത്ഥിയായ ശ്രീമതി. സെലിൻ കെ.ഒ യുടെ സ്ഥാനക്കയറ്റ നിയമനം 11/02/2025 തീയതിയിലെ B4/775935/2024 നം. ഉത്തരവ് പ്രകാരം കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്, ആയതിനാൽ തസ്തിക വ്യവസ്ഥാപിതമായിട്ടുണ്ട്. കൂടാതെ ടി അദ്ധ്യാപിക ക്രിസ്ത്യൻ മതാചാര പ്രകാരം ജീവിച്ചുവരുന്ന ചേരമർ ജാതിയിലും ഒ.ബി.സി വിഭാഗത്തിൽപ്പെടുന്നയാളുമാണ് എന്ന് തെളിയിക്കുന്ന വില്ലേജ് ആഫീസറുടെ 21.03.2025 തീയതി വെച്ച സർട്ടിഫിക്കറ്റ് പരാമർശം (3) കത്ത് പ്രകാരം ഹാജരാക്കിയിട്ടുമുണ്ട്. ടി സാഹചര്യത്തിൽ പറത്താനം സീ വ്യൂ എസ്റ്റേറ്റ് യു.പി സ്കൂളിലെ

ജൂനിയർ ഹിന്ദി അധ്യാപികയായ ശ്രീമതി സെലിൻ കെ.ഒ യ്ക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിലേക്കുള്ള ശ്രീമതി അമ്പിളി ചാക്കോയുടെ 15/07/2021 മുതലുള്ള നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ടിയാൾ ഹാജരാക്കിയ രേഖകൾ പ്രകാരം വയസിളവിന് അർഹതയുണ്ടെങ്കിൽ അപ്രകാരം അനുവദിച്ചുകൊണ്ട് ടിയാളുടെ നിയമനാംഗീകാരം പുനഃപരിശോധിക്കുവാനുള്ള നിർദ്ദേശം കാഞ്ഞിരപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകികൊണ്ടും, അപ്രകാരം പരാമർശം (1) അപേക്ഷ തീർപ്പാക്കികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASWATHY K

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാഞ്ഞിരപ്പള്ളി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

പ്രധാനാദ്ധ്യാപകൻ, സീ വ്യൂ എസ്റ്റേറ്റ് യു.പി.എസ്. പറത്താനം, കോട്ടയം - 686514

മാനേജർ, സീ വ്യൂ എസ്റ്റേറ്റ് യു.പി.എസ്. പറത്താനം, കോട്ടയം - 686514

ശ്രീമതി.അമ്പിളി ചാക്കോ, ജൂനിയർ ഹിന്ദി അദ്ധ്യാപിക, സീ വ്യൂ എസ്റ്റേറ്റ് യു.പി.എസ്. പറത്താനം, കോട്ടയം - 686514

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 17-06-2025 10:32:21

സെക്ഷൻ ഓഫീസർ